# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.13, April 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN

## "ആശ്ചര്യമേ ഇതു ആരാൽ വർണ്ണിച്ചിടാം"

### ജീവിതാനുഭവങ്ങളെ അനുഗ്രഹീത ഗാനങ്ങളാക്കി മാറ്റി പാസ്റ്റർ മുട്ടം ഗീവർഗ്ഗീസ്...



പാസ്റ്റർ ജോൺ വർഗ്ഗീസ്

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് പള്ളിപ്പാട് കോളാച്ചീറ പെരുമ്പള്ളി കിഴക്കേതിൽ കുടുംബത്തിൽ ഗീവർഗ്ഗീസ് മറിയാമ്മ ദമ്പതികളുടെ 9 മക്കളിൽ ഒരുവനായ് ജനിച്ച പാസ്റ്റർ ജോൺ വർഗ്ഗീസ് എന്ന കർത്താവിന്റെ ദാസനെ കേരളത്തിലെ ദൈവമക്കൾക്ക് പരിചയപ്പെടുത്തേണ്ടതില്ല. ഈ കർത്തൃദാസനെ അറിയാത്തവർ തുലോം ചുരുക്കമായിരിക്കും എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ആത്മനിറവിൽ ക്രൈസ്തവകേരളത്തിന് അനേക ഗാനങ്ങൾ സമ്മാനിച്ച അനുഗ്രഹീത കർത്തൃഭൃത്യൻ 94-ാം വയസിലും നന്നെവെളുപ്പിന് എഴുന്നേറ്റ് ബൈബിൾ വായനയും പ്രാർത്ഥനയും ദൈവവചനധ്യാനവും മുടക്കംകൂടാതെ ചെയ്തുവരുന്നു.

ഏതാണ്ട് ആറായിരത്തലധികം പേരെ സ്നാനപ്പെടുത്തി ഇന്നും ലളിത ജീവിതശൈലി പുലർത്തുന്ന ഇദ്ദേഹം ഏതാണ്ട് 150 ൽപ്പരം ഗാനങ്ങളാണ് ക്രൈസ്തവലോകത്തിന് പ്രദാനം ചെയ്തിരിക്കുന്നത്. അതിൽ ചില ഗാനങ്ങൾ മാത്രം ഇവിടെ കുറിക്കട്ടെ. ആശ്ചര്യമേ ഇതു ആരാൽ വർണ്ണിച്ചിടാം കൃപയേ കൃപയേ, സ്തോത്രഗീതം പാടുക നീ മനമേ, പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ, അഴലേറും ജീവിതമരുവിൽ, അധിപതിയേ അങ്ങേ സ്തുതിച്ചിടുന്നേ, വീണ്ടെടുക്കപ്പെട്ട കൂട്ടമേ, ദൈവത്തിനു സ്തുതി പാടുവിൻ സ്തുതി പാടുവിൻ, ഉന്നത ദേവാ നിന്നാത്മജലംതാ, ആശ്ചര്യമേ തവസ്നേഹമേൻ ദേവ, കർത്തനെ വാഴ്ത്തി വാഴ്ത്തി വണങ്ങി, എന്താനന്ദം എനിക്കെന്താനന്ദം, ഉണർവ്വരുൾക ഇന്നേരം ദേവ, ഭാഗ്യനാട്ടിൽ പോകും ഞാൻ, സൈന്യനായകൻ മുന്നിലുണ്ടല്ലോ, വന്ദനം വന്ദനമേ യേശുനാഥാ കൈതൊഴുന്നേൻ, കൊയ്ത്തു വരുന്നു ഫലശേഖരവും വരുന്നു, കഷ്ടതയാകുന്ന ചൂളയിൽ ഞാൻ...തുടങ്ങിയ പ്രത്യാശ നിർഭരമായ ഗാനങ്ങളാണ് ഇദ്ദേഹത്തിന്റെ തൂലികയിലൂടെ അടർന്നു വീണിട്ടുള്ളത്.

1945-ൽ കർത്താവിനെക്കുറിച്ച് കേട്ട അന്നുതന്നെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ച് സ്നാനപ്പെടുവാൻ ദൈവം മുഖാന്തരമൊരുക്കി. തുടർന്ന് അനേകസ്ഥലങ്ങളിൽ പരസ്യയോഗത്തിനു പോയി താൻ അറിഞ്ഞ സത്യത്തെക്കുറിച്ച് പറയുവാൻ തുടങ്ങി. അതിൽക്കൂടി അനേകർ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. അതുനിമിത്തം അനേകപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരികയും ഉപദ്രവങ്ങൾ ഏൽക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. തനിക്ക് ലഭിച്ച ഷെയർ എല്ലാം വിറ്റ് അനേകസ്ഥലങ്ങളിൽ കൺവെൻഷനുകളും പ്രാർത്ഥനകളും നടത്തി. ഉള്ളതെല്ലാം ദൈവനാമത്തിനുവേണ്ടി ചിലവഴിച്ചു. 1955-ൽ വിവാഹിതനായി ഭാര്യ ലീലാമ്മ വർഗ്ഗീസ്സ്, സുവിശേഷവേലയിൽ തന്നോട് ഒപ്പം കർത്താവിനുവേണ്ടി ഏതു കഷ്ടവും സഹിക്കുവാൻ തയ്യാറായിരുന്നു. അത് തന്റെ സുവിശേഷവേലയുടെ വിജയത്തിന് ഇടയാക്കി. ഇപ്പോൾ ശ്രേഷ്ഠദാസി കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു.

.....ശേഷം 8 -ാം പേജിൽ

## പ്രത്യാശയോടെ രണ്ടാം വർഷത്തിലേക്ക്...

ആദ്യ വർഷം ജയോത്സവമായി വഴി നടത്തിയ ദൈവത്തിന് സകല മാനവും മഹത്വവും. വിവിധ നിലകളിൽ 'ഹലോ ഹോപ്പു' മായി സഹകരിക്കുന്ന എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും ഞങ്ങളുടെ ഹൃദയങ്ങളിൽ എന്നുമുണ്ടായിരിക്കും...

STEERING

## HH കുഞ്ഞാപ്പി & ഇന്നാമ്മ




# The True Origin of Easter



Georgy Mathew Alexios

Many people follow religious practices as they have been taught, assuming that what they believe and do is right. They take their beliefs for granted, and do not take the time to introspect or prove why they do the things that they do. With regard to Easter, many assume that since millions observe it in honour of Jesus Christ's resurrection, they think it is found in the Bible and accept it as biblical. What is the authority for your belief? Is it the Bible? If so, let us examine what the Bible says regarding Easter celebration.

### The Word 'Easter' Found in the Bible?

Some Bible translations like King James Version of Acts 12:4 says, "And when he [King Herod Agrippa I] had apprehended him [apostle Peter], he put him in prison, and delivered him to four quaternions of soldiers to keep him; intending after Easter to bring him forth to the people." The Greek word used for "Easter" here is pascha, rightly translated everywhere else in the Bible as "Passover." If there is no word 'Easter' mentioned in the Bible, and if it was not practised by the apostles and the early Church as seen in the book of Acts, where did it come from?

### Origin of Easter – Its Pagan Roots

Concerning the word 'Easter,' scholar, theologian, and expert in ancient languages, W. E. Vine says, "The term 'Easter' is not of Christian origin. It is another form of Astarte, one of the titles of the Chaldean goddess, the queen of heaven. The festival of Pasch [Passover] held by Christians in post-apostolic times was a continuation of the Jewish feast, but was not instituted by Christ, nor was it connected with Lent. From this Pasch the pagan festival of 'Easter' was quite distinct and was introduced into the apostate Western religion, as part of the attempt to adapt pagan festivals to Christianity" (Vine's Expository Dictionary of New Testament Words).

Soon after the global Flood in Gen. 6-9, Nimrod, the great-grandson of Noah, turned away from God and became an evil ruler. He created cities like Babel, Nineveh, Asshur, etc., all of which became cities having a lifestyle of evil and perversion.

.....Continued on Page 9

മലയാള പരിഭാഷ 9-ാം പേജിൽ

# EDITORIAL




രാജീവ് സ്റ്റുവര്‍ട്ട്
ചീഫ് എഡിറ്റർ

ഹലോ ഹോപ്പ് രണ്ടാം വയസ്സിലേക്ക് കടക്കുന്നു! കരുത്തുറ്റ കരങ്ങളാൽ ബലഹീനരായ ഞങ്ങളുടെ കരം പിടിച്ചു കഴിഞ്ഞ ഒരു വർഷം ജയോത്സവമായി നടത്തിയ സർവ്വകൃപാലുവായ ദൈവത്തിന് സകല മാനവും മഹത്വവും അർപ്പിക്കുന്നു.

ആദ്യ വർഷം ഒരു ലക്കംപോലും മുടങ്ങാതെ കൃത്യമായി അച്ചടിച്ച് ബഹ്റിനിലും സൗദി അറേബ്യയിലുമുള്ള ദൈവമക്കളുടെ ഇടയിൽ വിതരണം ചെയ്യുവാനും മറ്റ് രാജ്യങ്ങളിലും ഹലോ ഹോപ്പിന് വായനക്കാരുള്ളതിനാൽ പിഡിഎഫ് ഓൺലൈനിൽ പ്രസിദ്ധീകരിക്കുവാനും ദൈവം സഹായിച്ചു. കഴിഞ്ഞ വർഷം ആത്മീക രചനകൾ, പരസ്യങ്ങൾ നൽകിയവർ പ്രാർത്ഥനയിൽ കൈതാങ്ങിയവർ Knowledge Cafe യിൽ പങ്കെടുത്തവർ വിവിധ സഭകളുടേയും കൂട്ടായ്മകളുടേയും നേതൃത്വം വഹിക്കുന്നവർ, ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഹലോ ഹോപ്പിനെ വിജയകരമായി പുറത്തിറക്കാൻ സഹകരിച്ച എല്ലാവരോടും ഹലോ ഹോപ്പിനെ സ്നേഹപൂർവ്വം നെഞ്ചിലേറ്റിയ വായനക്കാരോടും ഞങ്ങളുടെ ഹൃദയംഗമായ നന്ദി അറിയിക്കുന്നു.

കൃപയെക്കുറിച്ച് ചിന്തിക്കുമ്പോൾ പൗലോസിന്റെ ജഡത്തിലെ ശൂലം നോക്കുക. ഇക്കാര്യത്തിൽ പൗലോസിന്റെ സാക്ഷ്യം നമ്മെ സഹായിക്കുന്നു. വെളിപ്പാടുകളുടെ ആധിക്യത്താൽ പൗലോസ് അതിയായി നിഗളിച്ചുപോകാതിരിപ്പാൻ ജഡത്തിൽ ഒരു ശൂലം കൊടുത്തിരിക്കുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അതിനെ സാത്താന്റെ ഒരു ദൂതനെന്ന് ബൈബിൾ വിളിക്കുന്നു. അത് വിട്ടു നീങ്ങേണ്ടതിന് പൗലോസ് മൂന്നുവട്ടം കർത്താവിനോട് അപേക്ഷിച്ചു. കർത്താവ് അവനോട് 'എന്റെ കൃപ നിനക്ക് മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്ന് പറഞ്ഞു. അത് ശാരീരിക ബലഹീനതയായിരുന്നു എന്ന് വിശ്വസിക്കാൻ മതിയായ കാരണങ്ങളുണ്ട്. പൗലോസിന്റെ കണ്ണിന് പ്രശ്നങ്ങളുണ്ടായിരുന്നതായി പറയപ്പെടുന്നു. ആ ബലഹീനത എന്ത് തന്നെ ആയിരുന്നാലും അതിനെ സാത്താന്റെ ദൂതൻ എന്നു വിളിച്ചിരിക്കുന്നു. ശത്രുവിന്റെ വശത്തുനിന്നും ഉള്ള ആക്രമണം മരണത്തിന്റെ ഒരു പ്രവർത്തനം ആയിരുന്നു. മരണം തന്റെ ജഡത്തിൽ പ്രവർത്തിക്കുന്നതായി പൗലോസ് പറഞ്ഞിട്ടുണ്ട്. ആ ബലഹീനതയുമായി പിശാചിന് വ്യക്തമായ ബന്ധമുണ്ടായിരുന്നു. ദൈവം അത് അനുവദിക്കുകയും ചെയ്തു. പക്ഷേ അത് മരണം ഉളവാക്കിയില്ല, നേരെ വിപരീതഫലമാണുണ്ടാക്കിയത്. പൗലോസിന്റെ ജീവിതം മുഴുവനും മരണത്തിന്മേൽ വിജയം വരിക്കുന്ന ജീവിതമായിരുന്നു. മരണത്തിന്റെ ശക്തി നമ്മുടെ ശരീരങ്ങളെ ആക്രമിച്ചുകൊണ്ടേയിരിക്കും. പിശാചിന്റെ ആക്രമണത്തെ കർത്താവ് എപ്പോഴും തടയുകയുമില്ല. പക്ഷേ അതുകൊണ്ട്, നാം മരിക്കാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് അർത്ഥമില്ല. ഇതിന്റെയൊക്കെ മദ്ധ്യത്തിലും നാം വിശ്വാസത്തോടെ മുന്നോട്ടുതന്നെ പോകണം. അപ്പൊസ്തലനായ പൗലോസിന്റെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തിന് ഒരു ഉദ്ദേശം ഉണ്ടായിരുന്നു. മരണത്തിന്റെ ആ പ്രവർത്തനം പൗലോസിനെ ആത്മീകമായ ജീവനുള്ളവനാകുവാൻ പ്രയോജനപ്പെട്ടു.

അതിയായി നിഗളിക്കുന്ന മനുഷ്യൻ വളരെ താണ ആത്മീക നിലവാരം ഉള്ളവനായിരിയ്ക്കും. നടപ്പിൽ താഴ്മയുള്ളവനും തന്റെ വഴകളിൽ സാധാരണ സാഹചര്യങ്ങൾകൊണ്ട് വിശദീകരിക്കാൻ കഴിയാത്ത വിജയം നേടുന്നവനുമായ മനുഷ്യൻ ദൈവകാര്യങ്ങളിൽ വലിയവനായിരിക്കും. നിങ്ങളുടെ സാഹചര്യങ്ങൾ നിങ്ങളെ നിരാശപ്പെടുത്താൻ അനുവദിക്കരുത്. നിങ്ങളുടെ അവസ്ഥയെ നോക്കിയിട്ട്, ഈ ബലഹീനത നിമിത്തം ദൈവത്തിന്റെ ഉദ്ദേശം അസാദ്ധ്യമാണെന്ന് പറയരുത്. അത് വിശ്വാസമല്ല, നിരാശയാണ്. 'ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നത് ദൈവപുത്രനിലുള്ള വിശ്വാസം കൊണ്ടത്രേ' എന്നാണ് പൗലോസ് പറയുന്നത്. മരണം നമ്മുടെ ശരീരത്തിലും ദേഹിയിലും ശക്തിയോടെ പോരാടുകയും, എല്ലാ കാര്യങ്ങളും മരണത്തെപ്പറ്റി സംസാരിക്കുകയും ചെയ്യുമ്പോൾ പലപ്പോഴും നാം മരണത്തിന്റെ മുമ്പിൽ സമ്പൂർണ്ണമായി കീഴടങ്ങാറുണ്ട്. എന്നാൽ നമ്മിലുള്ള ദൈവകൃപ നമ്മുടെ മരണ ചിന്തകളെ തകർത്ത് നമ്മിൽ ദൈവീക ജിവൻ ശക്തിയോടെ വ്യാപരിക്കാൻ സഹായിയ്ക്കുന്നു.

നാം നമ്മുടെ ബലഹീനതകളെ ന്യായീകരിക്കാൻ ശ്രമിക്കുകയല്ല, ഈ അവസ്ഥയുടെ ഉള്ളിലേക്ക് ഇറങ്ങാൻ ശ്രമിക്കുകയാണ്. നമ്മുടെ ചിന്തയിൽ, നരകത്തിന്റെ അനുഭവങ്ങളിൽ കൂടി കടന്നുപോകുവാൻ ചിലപ്പോൾ ഇടയാകും. ദൈവം നമ്മെ കൈവിട്ടുവെന്നോ നാം ദൈവമക്കളല്ലെന്നോ അതിനർത്ഥമില്ല. ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യാൻ ആഗ്രഹിക്കുന്നതിനെ പിശാച് തകർക്കാൻ ലക്ഷ്യമിട്ടുവെന്നും തോന്നുന്ന സാഹചര്യങ്ങൾ ഉണ്ടായെന്നിരിക്കാം .

എന്നാൽ കർത്താവ് നമ്മുടെ ശാരീരിക അനുഭവങ്ങളെക്കാൾ, നമ്മുടെ ദേഹിയേക്കാൾ ആഴമേറിയവനാണ്. അവന്റെ കൃപയുടെ പ്രകാശനം നിശ്ചയമായും നമ്മിൽ ഉണ്ടാകും. ക്രിസ്തുവിന്റെ ക്രൂശിലെ അത്ഭുതകരമായ പ്രവൃത്തിയാൽ നമുക്ക് ലഭിച്ച കൃപ ഏത് പ്രശ്നത്തിന്റെ മദ്ധ്യത്തിലും വിജയം നൽകുന്നതാണെന്ന് നാം മനസിലാക്കണം. ആകയാൽ നമുക്കും കർത്താവിനോടു പറയാം 'കൃപ മതി'.

ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

**കമ്പനി പരസ്യങ്ങൾക്ക് പ്രത്യേക ഡിസ്കൗണ്ട് !!!**

Contact:
**+973 33552886**

## അറിയിപ്പ്

സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.

**പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?**

**ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.**

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്വം എഴുത്തുകാർക്കും പരസ്യദാതാക്കർക്കും മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
Hello Hope Journal
P.O. Box :10489
Kingdom of Bahrain
hhgulfnews@gmail .com
00973 38383399
17877171



# തൂലികയെ പടവാളാക്കിയ പ്രതിഭകൾ

ചിത്രകാരന്മാർ കാൻവാസുകളിൽ പകർത്തിയ ഹൃദയഹാരിയായ ചിത്രങ്ങൾ ലോകസാഹിത്യത്തിലെ പല ക്ലാസ്സിക്കുകളും നമ്മെ അനുസ്മരിപ്പിക്കുന്നു. അവയിൽ പലതും അക്ഷരങ്ങൾകൊണ്ട് താളുകളിൽ കോറിയിട്ട വർണ്ണശമ്പളമായ ചിത്രങ്ങളാണ്. മനുഷ്യമനസ്സുകളെ കീഴടക്കിയ 130-ലേറെ ക്ലാസ്സിക്കുകളാണ് വിശ്വസാഹിത്യത്തിന്റെ ഔന്നത്യങ്ങളിൽ അഭിമാനപൂർവ്വം ശിരസ്സുയർത്തി നിൽക്കുന്നത്. കാലങ്ങളെ അതിജീവിച്ച ഈ ഗ്രന്ഥസമ്മുച്ചയങ്ങളിൽ ഭാരതത്തിന്റെ അഭിമാനങ്ങളായ രാമായണവും മഹാഭാരതവും ഹോമറിന്റെ ഇലിയഡും ഒഡീസ്സിയും ഫയൊദോർ ഡസ്റ്റയേപ്സികിയുടെ ക്രൈം ആൻഡ് പണിഷ്മെന്റും ടോൾസ്റ്റോയിയുടെ കരീനിനയും, യുദ്ധവും സമാധാനവും സ്ഥാനം പിടിച്ചിട്ടുണ്ട്. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ഒഴുകിപ്പോകാതെ ശതാബ്ദങ്ങൾക്കുശേഷവും ഈ കൃതികൾ മനുഷ്യമനസ്സുകളിൽ നിറഞ്ഞു നിൽക്കുന്നതിന്റെ പിമ്പിലെ രഹസ്യം, ആശയങ്ങൾക്ക് രൂപവും ഭാവവുമേകുവാനുള്ള അക്ഷരങ്ങളുടെ മാസ്മരശക്തി തന്നെയാണ്.

അക്ഷരങ്ങൾ കൊണ്ട് ആശയങ്ങൾക്ക് മികവും മിഴിവുമേകി ലോകത്തെ ത്രസിപ്പിച്ചവരാണ് സാഹിത്യനായകന്മാരിൽ ഒരു വിഭാഗമെങ്കിൽ, മാനവചരിത്രത്തിന് വിസ്മരിക്കുവാനാകാത്ത മറ്റൊരു വിഭാഗമുണ്ട്. തൂലിക പടവാളാക്കിയ കർമ്മധീരരായ പ്രതിഭാശാലികൾ. മൂർച്ചയുള്ള വാളുകൾകൊണ്ട് രാജ്യങ്ങളും സിംഹാസനങ്ങളും പിടിച്ചടക്കിയ പോരാളികൾക്കിടയിൽ, തൂലികയെ പടവാളാക്കിയ മാനവചരിത്രത്തിന്റെ ഗതിയെ തിരിച്ചുവിട്ട എഴുത്തുകാർ സാഹിത്യനഭോമണ്ഡലത്തിൽ വേറിട്ടു നിൽക്കുകയാണ്. വിശ്വവിപത്തുകളായ അനീതിയുടേയും അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും നാരായവേരുകൾ അറുത്തു മാറ്റുവാനുള്ള ഖഡ്ഗമായി അവർ തൂലികയെ രൂപാന്തരപ്പെടുത്തി.

'പടവാളിനേക്കാൾ ശക്തിയുള്ളതാണ് തൂലിക'യെന്ന പ്രയോഗത്തിനോട് സമാനമായ ആശയങ്ങൾ ജോർജ്ജ് വെസ്സ്റ്റൊൺ, ഷെയ്ക്സ്പിയർ, റോബെർട്ട് ബെർട്ടൺ എന്നിവരുടെ 'ഹെഫ്റ്റമെറോൺ ഇൻ സിവിൽ ഡിസ്കോഴ്സസ്, ഹാംലെറ്റ്, ദ അനാറ്റമി ഓഫ് മെലാങ്കളി' എന്നീ കൃതികളിൽ കാണുവാൻ കഴിയും. 'വാളിനേക്കാൾ എത്ര ക്രൗര്യമുള്ളതാണ് തൂലികയെന്ന് ഇതിൽ നിന്നും വ്യക്തമാണെ'ന്ന് റോബെർട്ട് ബെർട്ടൺ തന്റെ കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഈ ആശയത്തിന് ആദ്യമായി വാക്കുകളിലൂടെ രൂപം നൽകിയത് രാജ്യതന്ത്രജ്ഞനും ഗ്രന്ഥകർത്താവുമായ എഡ്വേർഡ് ജോർജ്ജ് ബുൾവെർലിറ്റണെന്ന ബ്രിട്ടീഷ് വംശജനാണ്. ഒരു ഗ്രന്ഥകർത്താവെന്ന നിലയിൽ ദൗർഭാഗ്യവശാൽ ബുൾവെർലിറ്റണൊരു തികഞ്ഞ പരാജയമായിരുന്നുവെങ്കിലും, 'ലിച്ചെല്യൂ ഓർകോൺസ്പിറസി' എന്ന തന്റെ കൃതിയിൽ ഉപയോഗിച്ച ഈ പ്രയോഗം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ആയിരങ്ങളുടെ നാവിൻ തുമ്പുകളിൽ പുനർജ്ജനനം പ്രാപിച്ചുകൊണ്ടിരിക്കുന്നു.

തീ തുപ്പുന്ന തോക്കുകളും മനുഷ്യനെ വെട്ടി വീഴ്ത്തുന്ന പടവാളുകളേക്കാളും മാനുഷിക ദൃഷ്ടികളെ അന്ധതയിൽ തളച്ചിടുന്ന പച്ചനോട്ടുകളേക്കാളും ശക്തിയുള്ളത് കാലത്തിന്റെ കാലൊച്ചകൾ നൽകുന്ന ശക്തമായ സൂചനകൾ ഉൾക്കൊള്ളുന്ന ഒരു എഴുത്തുകാരന്റെ തൂലികക്കാണ്. ശരീരത്തിന്റെ വിശപ്പടക്കാൻ പണവും രാജ്യങ്ങൾ പിടിച്ചെടുക്കുവാൻ രക്തദാഹത്തോടെ കാത്തിരിക്കുന്ന പടവാളുകളും അധികാരത്തിന്റെ കടിഞ്ഞാണുകൾ കരങ്ങൾക്കുള്ളിലൊതുക്കുവാൻ ഗർജ്ജിക്കുന്ന തോക്കുകളും സഹായകതമാണ്. എന്നാൽ മനസ്സിന്റെയും ആത്മാവിന്റെയും വിശപ്പും ദാഹവും ശമിപ്പിക്കുവാൻ കെൽപ്പുള്ളതാണ് തൂലികത്തുമ്പിൽ നിന്നും അനർഗ്ഗളമായി ഒഴുകുന്ന ആശയങ്ങൾ.

മനുഷ്യമനസ്സുകളുടെ അഗാധതലങ്ങളെ തൊട്ടുണർത്തിയ എത്രയെത്ര ഈടുറ്റ രചനകൾ. കാലത്തിന്റെ ഭ്രമണങ്ങൾക്കിടയിൽ വിസ്മൃതിയിൽ വിലയം പ്രാപിക്കാതെ ഇന്നും ജനലക്ഷങ്ങളെ ഇരുത്തിച്ചിന്തിപ്പിച്ചുകൊണ്ടിരിക്കുന്ന എത്രയെത്ര അമൂല്യഗ്രന്ഥങ്ങൾ. അറിവുകൾക്കായുള്ള മനുഷ്യമനസ്സിന്റെ വിശപ്പും ദാഹവും ശമിപ്പിച്ചു സംതൃപ്തിയേകുവാൻ കെൽപ്പുള്ള ഉപകരണമാണ് തൂലിക.

എവിടെയോ വായിച്ചതോർമ്മ വരുന്നു -
തോക്കുപയോഗിക്കേണ്ടത് എങ്ങനെയെന്ന് നിങ്ങളൊരു വ്യക്തിയെ പഠിപ്പിച്ചാൽ അയാളൊരു കുറ്റവാളിയായി മാറിയേക്കാം. ഓരോ ദിവസവും എങ്ങനെ നിയന്ത്രണമില്ലാതെ പണം ചിലവഴിക്കാമെന്ന് ഒരാളെ പഠിപ്പിച്ചാൽ അയാൾ പണം ദുർത്തടിച്ചേക്കാം. തൂലിക ശക്തമായ നിലയിൽ എങ്ങനെ ഉപയോഗിക്കാമെന്ന് ഒരുവനെ പഠിപ്പിച്ചാൽ ആ വ്യക്തിക്ക് ഒരായുസ്സു മുഴുവൻ ആവശ്യമുള്ള ആഹാരം കൊടുക്കുന്നതിന് തുല്യമാണ്.

മൂർച്ചയുള്ള പടവാളിനേക്കാൾ തൂലികയ്ക്ക് ശക്തിയുണ്ടെന്ന വാദം കേവലം അതിശയോക്തിയല്ല. രണാങ്കണത്തിൽ രക്തച്ചൊരിച്ചിൽ നടത്തുന്ന വാളുകൾ ആളുകളെ വെട്ടിവീഴ്ത്തിയ ചരിത്രമേയുള്ളൂ. ആരെയെങ്കിലും സ്വാധീനിക്കുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്ത ചരിത്രം അവയ്ക്കില്ല. എന്നാൽ തൂലികയിൽ നിന്നും ബഹിർഗ്ഗമിച്ച പദാവലികൾ ജനസഹസ്രങ്ങളുടെ ചിന്തകളേയും പ്രവൃത്തികളേയും ആഴമായി സ്വാധീനിച്ചതിന് ലോകചരിത്രം തന്നെ സാക്ഷി.

റോം കത്തിയെരിയുമ്പോൾ വീണവായിച്ചു രസിച്ച നീറോ ചക്രവർത്തിയുടെ വാളിന് പൗലോസിന്റെ ശിരസ്സു ഛേദിക്കുവാൻ കഴിഞ്ഞു. എന്നാൽ ആ തൂലികയിൽ നിന്നും പുറത്തേക്കൊഴുകിയ പദ പ്രവാഹത്തെ അണകെട്ടി നിർത്തുവാൻ നീറോയുടെ സുവർണ്ണസിംഹാസനവും വെട്ടിത്തിളങ്ങുന്ന പടവാളും അശക്തമായിരുന്നു.

ഭക്തർ ഭയഭക്തിയോടെ ദൈവീക സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് ദേവാലയത്തിൽ ആരാധിക്കുന്നതുപോലെ, രചനയുടെ നിമിഷങ്ങൾ ഭക്തനായ ഒരു എഴുത്തുകാരന് ആരാധനയുടെ ദിവ്യനിമിഷങ്ങളാണ്. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും അനുവാചകരെ അനുഗ്രഹിക്കുവാനുള്ള എഴുത്തുകാരന്റെ ഉപാധിയാണ് രചനകൾ. പാദങ്ങൾ ഇടറിയവരുടെ ചുവടുകൾ ഉറപ്പിച്ചു നിർത്തുവാനും, വീണുപോയവരെ താങ്ങിയെഴുന്നേൽപ്പിക്കുവാനും ശക്തിയുള്ളതാണ് പരിശുദ്ധാത്മ നിയോഗം പ്രാപിച്ച ഒരു എഴുത്തുകാരന്റെ വാക്കുകൾ.

ചപ്പുചവറുകൾ കുന്നുകൂടുന്നതുപോലെ ആത്മീയമണ്ഡലത്തിലും പ്രസിദ്ധീകരണങ്ങളുടെ പ്രളയമാണ്. അവയ്ക്കിടയിൽ കേവലം ഒരു വർഷംകൊണ്ട് ജനശ്രദ്ധപിടിച്ചു പറ്റുന്നതിൽ വിജയം വരിച്ചിരിക്കുകയാണ് 'ഹലോ ഹോപ്പ്'. പ്രവാസികളായ അനുവാചകരെ പോഷകസമ്പുഷ്ടമായ ആത്മീയ വിഭവങ്ങൾകൊണ്ട് അനുഗ്രഹിക്കുവാനും കഴിവുറ്റ എഴുത്തുകാരെ വാർത്തെടുക്കുവാനും 'ഹലോ ഹോപ്പ്' കാണിക്കുന്ന ആവേശം ശ്ലാഘനീയമാണ്. കർമ്മഭൂമിയിൽ വിജയകരമായ ഒരു വർഷം പൂർത്തിയാക്കുന്ന ഈ പ്രസിദ്ധീകരണം ഭാവിയിൽ അനേകർക്ക് തണലും ആശ്വാസവുമേകുന്ന വടവൃക്ഷമായി വളരട്ടെ എന്ന് ആശംസിക്കുന്നതിനൊപ്പം, ഈ മാസികയെ അണിയറയിൽ ഓരോ മാസവും സ്തുത്യർഹമായ നിലയിൽ അണിയിച്ചൊരുക്കുന്ന ബ്രദർ ചെറിയാൻ മാത്യൂസിനും ടീമിനും ഹൃദ്യമായ അഭിനന്ദനങ്ങളും ഇവിടെ രേഖപ്പെടുത്തട്ടെ.



ടീയെസ് കപ്പമാംമൂട്ടിൽ
യു.എസ്.എ



തിരശ്ശീല ക്കപ്പുറം... 4

# പാതാളവും നരകവും



ജിജോ അങ്കമാലി

പാതാളവും നരകവും ഒന്നുതന്നെയാണോ അതോ വ്യത്യസ്ഥമായ ഇടങ്ങളാണോ എന്നത് പലരേയും സംശയിപ്പിക്കുന്ന ഒരു വിഷയമാണ്. എന്നാൽ തിരുവെഴുത്ത് ഇതിന് വ്യക്തത നൽകുന്നുണ്ട്.

ക്രിസ്തുവിന്റെ മരണത്തിനുമുമ്പ് മനുഷ്യന്റെ മരണവുമായ് ബന്ധപ്പെട്ട കാര്യങ്ങളും ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് ശേഷം മനുഷ്യന്റെ മരണവുമായ് ബന്ധപ്പെട്ട കാര്യങ്ങളും തമ്മിലുള്ള അന്തരം മനസ്സിലാകുമ്പോൾ മാത്രമേ പാതാളവും നരകവും രണ്ടാണെന്ന് വ്യക്തമാകൂ.

ഒരു പാപിയുടെ വീണ്ടെടുപ്പിനോട് ബന്ധപ്പെട്ട പ്രവർത്തികൾ മുഴുവനും ക്രിസ്തുവിന്റെ മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിൽ സമ്പൂർണ്ണമായ് അധിഷ്ഠിതമാണ് എന്ന് നാം അറിയണം. മരണ സംബന്ധിയായ മുഴുവെളിപ്പാടുകളും ഇവയോട് തന്നെയാണ് ബന്ധപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന്റെ ക്രൂശു മരണത്തിന് മുമ്പ് പാപപരിഹാരം അഥവാ സമ്പൂർണ്ണ പ്രായശ്ചിത്തം നടന്നിട്ടില്ലായിരുന്നു. യിസ്രായേൽ ജനം നിരവധി മൃഗങ്ങളെ യാഗമായ് അർപ്പിച്ചു. പക്ഷേ, ഈ യാഗങ്ങൾക്കൊന്നും തന്നെ പാപത്തെ ഇല്ലാതാക്കാനായില്ല. പിന്നയോ ഈ മൃഗബലികൾ പാപത്തെക്കുറിച്ച് ആണ്ടുതോറും ഓർമ്മപ്പെടുത്തുകയായിരുന്നു.

എബ്രായലേഖനം ഈ വസ്തുത വളരെ വ്യക്തമാക്കുന്നുണ്ട്. എബ്രാ.10-ൽ നാം വായിക്കുന്നത് 'ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തു വരുന്നവർക്ക് സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. അല്ലെങ്കിൽ ആരാധനക്കാർക്ക് ഒരിക്കൽ ശുദ്ധിവന്നതിന്റെ ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ട് യാഗം കഴിക്കുന്നത് നിന്നുപോകയില്ലയോ ? ഇപ്പോഴോ ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാക്കുന്ന കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിന് പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല' (എബ്രാ.10:1-4).

ക്രിസ്തുവിന്റെ മരണപുനരുത്ഥാന സ്വർഗ്ഗാരോഹണങ്ങളോടു കൂടി മാനവ വർഗ്ഗത്തിന്റെ പാപത്തിന് ശാശ്വതമായ പരിഹാരമുണ്ടായി. പഴയനിയമ ഭക്തന്മാർ ഈ പരിഹാരം വരുന്നതിനെ കാത്തിരിക്കയായിരുന്നു. എന്നാൽ പുതിയ നിയമ വിശ്വാസികൾ പാപം ക്ഷമിച്ചു കിട്ടിയ അവസ്ഥയിലാണ് നിലകൊള്ളുന്നത്.

ക്രിസ്തുവിന്റെ ക്രൂശുമരണത്തിന് മുമ്പ് ജീവിച്ചിരുന്ന അബ്രഹാം, മോശെ, ദാവീദ് എന്നീ ഭക്തജനങ്ങളെല്ലാം വിശ്വാസത്താൽ ദൈവജനമായിത്തീർന്നു. എന്നാൽ അവരുടെ വിശ്വാസം സാക്ഷാൽക്കരിക്കപ്പെടേണ്ടിയിരുന്നു. യഥാർത്ഥ സംഭവത്തിലൂടെ വേണം വിശ്വാസത്തിന്റെ ഉണ്മ തെളിയിക്കപ്പെടാൻ. അബ്രഹാം മുതൽ പേരുടെ വിശ്വാസവും യഥാർത്ഥ സംഭവങ്ങളാൽ ന്യായീകരിക്കേണ്ടിയിരുന്നു. ദൈവ ക്രൂശിലൂടെ ആ വഴി തുറക്കുകയും അവരുടെ വിശ്വാസം നീതികരിക്കപ്പെടുകയും ചെയ്തു. ക്രിസ്തു ക്രൂശിൽ മരിക്കുന്നതുവരെയും അവർ അവരുടെ പാപങ്ങളിൽ നിന്ന് മുക്തരായിരുന്നില്ല. പൗലോസ് റോമാ ലേഖനത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്. 'വിശ്വാസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം, തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തു'(റോമ.3:25-26). ഈ വസ്തുതകൾ മനസിലാക്കുന്നത് തുടർന്നുള്ള പഠനത്തിന് സഹായകമാകും.

## 5 വ്യത്യസ്ത പദങ്ങൾ:

1. ***ഷീയോൾ*** (Sheol) - ***പാതാളം***
2. ***ഹെയ്ഡീസ്*** (Hades) - ***പാതാളം***
3. ***ടാർട്ടറൊസ്*** (Tartarus) ***അന്ധകാരനഗരം***
4. ***എബ്ബിസ്*** (Abyss) ***അഗാധകൂപം***
5. ***ഗീഹെന്ന*** (Gehenna) ***നരകം***

***പാതാളം: ഈ വാക്കുകൾ വിശകലനം ചെയ്യുന്നതിന് മുമ്പ് പാതാളത്തെക്കുറിച്ച് പൊതുവായ് അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ പറയാം.***

1. മരിച്ചവരുടെ ആത്മാക്കൾ പോകുന്ന സ്ഥലത്തോടുള്ള ബന്ധത്തിൽ പൊതുവിൽ പറയുന്ന പേരാണ് പാതാളം
2. ഭൂമിക്കടിയിലുള്ള ഇടം
3. ആത്മാക്കളുടെ താൽക്കാലിക നിവാസ സ്ഥലം
4. പുനരുത്ഥാനംവരെ അല്ലെങ്കിൽ ന്യായവിധിവരെ ആത്മാക്കൾ വിശ്രമിക്കുന്ന സ്ഥലം
5. പഴയനിയമ വിശുദ്ധന്മാരുടേയും എല്ലാക്കാലത്തേയും ദുഷ്ടന്മാരുടേയും ആത്മാക്കൾ ചെന്നെത്തുന്ന സ്ഥലം

1. ഷീയോൾ : പഴയനിയമത്തിൽ 65 പ്രാവിശ്യം ഉപയോഗിച്ചിരിക്കുന്ന എബ്രായ പദമാണ് ഷീയോൾ. അതിൽ 31 പ്രാവിശ്യം നരകം എന്നും 31 പ്രാവിശ്യം ശവക്കുഴി എന്നും 3 പ്രാവിശ്യം കുഴി എന്നുമാണ് മലയാള പരിഭാഷ. എന്നാൽ ഈ മലയാള വാക്കുകളൊന്നും മൂല വാക്കിന് സമം നിൽക്കുന്ന പരിഭാഷകളല്ല. കാരണം പാതാളത്തെ ഉദ്ദേശിച്ചാണ് ഷീയോൾ എന്ന പദം എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ചില മലയാള ഭാഷാന്തരത്തിൽ പാതാളം എന്നാണ് ചില ഇടങ്ങളിൽ പറയുന്നത്.

2. ഹെയ്ഡീസ്: പുതിയ നിയമത്തിൽ 12 പ്രാവിശ്യം ഉപയോഗിച്ചിരിക്കുന്ന പദമാണ് ഹെയ്ഡീസ് എന്ന ഗ്രീക്കു പദം. മലയാളത്തിൽ 11 പ്രാവിശ്യം നരകം, പാതാളം എന്നും 1 പ്രാവിശ്യം ശവക്കുഴി എന്നുമാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന്റെ മൂല വാക്കിന് പാതാളം എന്നാണ് പരിഭാഷ. എബ്രായ ഭാഷയിലെ ഷീയോൾ എന്ന വാക്കാണ് ഗ്രീക്കിൽ ഹെയ്ഡിസ് എന്ന് പറയുന്നത്.

## പാതാളത്തിലേക്ക് പോകുന്നവരാരെല്ലാം ?

പഴയനിയമത്തിൽ മരിച്ചവർ ആബാലവൃദ്ധം(നീതിമാന്മാരായാലും ദുഷ്ടന്മാരായാലും) എല്ലാവരും പോകുന്നത് പാതാളത്തിലേക്കായിരുന്നു. യോസേഫിനെക്കുറിച്ച് യാക്കോബ് വിലപിച്ച് പറയുന്നത് ശ്രദ്ധിക്കുക 'ഞാൻ ദുഃഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്നാണ്' (ഉൽ37:35). ഇനി ദുഷ്ടന്മാരായ പാപികളെക്കുറിച്ച് പറയുന്ന വാക്യം ശ്രദ്ധിക്കുക, 'ദുഷ്ടന്മാരും ദൈവത്തെ മറക്കുന്ന സകലജാതികളും പാതാളത്തിലേക്ക് തിരിയും'(സങ്കീ.9:1). കർത്താവിന്റെ ആത്മാവിനെക്കുറിച്ച് സങ്കീ.16:10-ൽ പറയുന്നത് 'നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല'എന്നാണ്. അപ്പോൾ പഴയനിയമ ഭക്തന്മാരുടേയും ദുഷ്ടന്മാരുടേയും ആത്മാക്കൾ പോയിരുന്നതെല്ലാം പാതാളത്തിലേക്കാണെന്ന് വ്യക്തം. എന്നാൽ പഴയനിയമ ഭക്തന്മാർക്ക് ഒരു പ്രതീക്ഷയുണ്ടായിരുന്നു. 'എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്ന് വീണ്ടെടുക്കും'(സങ്കീ.49:15). അപ്പോൾ ഒരു നിശ്ചിത കാലംവരെ പഴയനിയമ ഭക്തന്മാർ പാതാളത്തിൽ കഴിയേണ്ടതാണ്. എന്നാൽ നമ്മിൽ ശേഷിക്കുന്ന സംശയം എന്ന് പറയുന്നത് പഴയനിയമ ഭക്തന്മാരുടെ ആത്മാക്കളും ദുഷ്ടന്മാരുടെ ആത്മാക്കളുമെല്ലാം പാതാളത്തിൽ ഒരേ സ്ഥലത്തേക്ക് തന്നെയാണോ പോകുന്നത് എന്നതാണ്. അബ്രഹാമിന്റേയും ദാവീദിന്റേയും യെശയ്യാവിന്റേയും ഒക്കെ ആത്മാക്കൾ കിടക്കുന്നിടത്തേക്കാണ് ഫറവോന്റേയും നെബുക്കദ്നേസറിന്റേയും ഹെരോദാവിന്റേയും ഒക്കെ ആത്മാക്കൾ കിടന്നതെങ്കിൽ പിന്നെ അവർ തമ്മിലുള്ള വ്യത്യാസം എന്ത് ?

പഴയനിയമം മാത്രം നോക്കിയാൽ ഇതിനൊരു ഉത്തരം കിട്ടുക പ്രയാസം. എന്നാൽ ക്രിസ്തു തന്റെ ഐഹികജീവിത കാലത്തുതന്നെ ഇതിനെക്കുറിച്ച് തെളിവായ് പറഞ്ഞിട്ടുണ്ട്. ആയത് അടുത്ത ലക്കത്തിൽ ചിന്തിക്കാം.

## കഥയിൽ അൽപം കാര്യം!!!



ജീമോൻ പഴയിടം, മൂന്നാർ



ദേശം മുഴുവൻ ചുറ്റിക്കണ്ട ദേശാടന പക്ഷി കളിമണ്ണിന് സമീപം വന്ന് താൻ കണ്ട കാഴ്ചകളെല്ലാം ആവേശത്തോടെ പറഞ്ഞു. അക്കൂട്ടത്തിൽ നാട്ടിലെ ധനാഢ്യനായ ഒരു പ്രഭുവിന്റെ കൊട്ടാരസമാനമായ വീടിനെ പറ്റിയും വർണ്ണശമ്പളമായ അതിന്റെ ഉൾക്കാഴ്ചയേയും കുറിച്ച് വാതോരാതെ സംസാരിച്ചു. 'എനിക്ക് ആ വീട് ഒന്ന് കാണാൻ സാധിച്ചിരുന്നെങ്കിൽ' കളിമണ്ണ് ആഗ്രഹത്തോടെ പക്ഷിയോട് പറഞ്ഞു. പക്ഷി പരിഹാസപൂർവ്വം ചോദിച്ചു നീ കളിമണ്ണല്ലേ, നിനക്കിതെങ്ങനെ സാധിക്കും ? അവജ്ഞയോടെ കളിമണ്ണിനെ നോക്കിയശേഷം പക്ഷി പറന്നകന്നു. എന്നാൽ നാളുകൾക്കു ശേഷം അതുവഴി കടന്നു വന്ന ഒരു ശിൽപ്പി ഈ കളിമണ്ണിനെ തിരഞ്ഞെടുത്ത് മനോഹരമായ ഒരു പാത്രമാക്കി തന്റെ കടയിൽ വച്ചു. ശേഷം അതുവഴി കടന്നു പോയ പ്രഭുവിന്റെ വിശ്വസ്തനായ ഭൃത്യൻ ആ പാത്രം കാണുകയും അതിനെ വിലകൊടുത്തു വാങ്ങി പ്രഭുവിന്റെ കൊട്ടാരസമാനമായ തീൻമേശയിൽ വെക്കുകയും ചെയ്തു.

ഒന്ന് കാണാൻ മാത്രം ആഗ്രഹിച്ച കളിമണ്ണിന്റെ സ്ഥാനം അകത്തളത്തിൽ സ്ഥിരമായി നിലകൊണ്ടു. നിനക്ക് സാധിക്കില്ല എന്ന് പരിഹാസത്തോടെ പറഞ്ഞ് കടന്നു പോകുന്നവരുടെ മുമ്പിൽ തലകളെ ഉയർത്തി നമ്മുടെ ആഗതമാകുന്ന ശ്രേഷ്ഠസമയത്തെ കണ്മുമ്പിൽ കാണുക. മെനഞ്ഞെടുക്കുന്നവന്റെ കൈയ്യിൽ നമ്മെ സമർപ്പിക്കുക, വിധേയപ്പെടുക. ഉയരങ്ങളിൽ എത്തിക്കുവാൻ നല്ല സമർപ്പണത്തിന് സാധിക്കും.

വിശുദ്ധ പത്രോസ് ലേഖനമെഴുതുമ്പോൾ ഇപ്രകാരം ഓർപ്പിക്കുന്നു അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈകീഴിൽ താണിരിപ്പിൻ.

# ദൈവവചനം എന്തിനുവേണ്ടി ?



പാസ്റ്റർ റ്റി.റ്റി. തോമസ്

ബൈബിൾ... 7

എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു- 2 തിമൊ.3:16,17.

സൃഷ്ടിപ്പിനോടുള്ള ബന്ധത്തിൽ ആദാം ദൈവത്തിന്റെ മനുഷ്യനാണ്. കൂടാതെ ലൂക്കോസ് 3:38-ൽ പറയുന്നു ആദാം ദൈവത്തിന്റെ മകൻ. ആദാം ദൈവത്തിന്റെ മകനാകയാൽ ആദാമ്യവംശജർ മുഴുവൻ ദൈവത്തിന്റെ മക്കൾ എന്ന് ഒരു തെറ്റായ ചിന്താഗതി മനുഷ്യരുടെ ഇടയിൽ ഉണ്ട്. ദൈവവചനം ശരിയായി പരിശോധിച്ചാൽ ആദാം മാത്രമാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടത്. ആദാമ്യവംശജരുടെ ഉൽപ്പത്തി നമുക്ക് നോക്കാം. ആദാമിന്റെ വംശപാരമ്പര്യമാവിത്; ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവത്തിന്റെ സാദൃശ്യത്തിൽ അവനെ ഉണ്ടാക്കി; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (ഉൽ.5:1). എന്നാൽ ഉൽ.5:3-ൽ ആദാമിനു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവൻ തന്റെ സാദൃശ്യത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചു; അവന്നു ശേത്ത് എന്ന് പേരിട്ടു. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടു എന്നു പറഞ്ഞാൽ ആദാം സമ്പൂർണ്ണനായി സൃഷ്ടിക്കപ്പെട്ടു. എന്നാൽ ആദാമിന്റെ സാദൃശ്യത്തിൽ ജനിപ്പിച്ച ആദാമ്യവംശജർ ആദാമിനെപ്പോലെ ഉള്ളവരാണ്. ആദാം പാപത്താൽ തന്നിൽ ഉണ്ടായിരുന്ന സമ്പൂർണ്ണത നഷ്ടപ്പെടുത്തി മരണത്തിന് അധീനനായി തീർന്നതിനുശേഷമാണ് സന്താനങ്ങളെ ഉളവാക്കിയത്. ആകയാൽ ആദാമ്യവംശത്തിൽ ജനിച്ച മനുഷ്യൻ ദൈവമകൻ എന്ന് അവകാശപ്പെടുവാൻ ഉള്ള അർഹതയില്ല. ഇയ്യോബ് ചോദിക്കുന്നു അശുദ്ധനിൽ നിന്നും ജനിച്ച വിശുദ്ധൻ ഉണ്ടോ ? (ഇയ്യോ.14:4). സങ്കീ.14:3-ൽ എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു എന്നു കാണാം. സങ്കീ. 51:5-ൽ ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. റോമ. 5:12-21 വരെ വായിക്കുമ്പോൾ ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. 18-ാം വാക്യത്തിൽ അങ്ങനെ ഏകലംഘനത്താൽ സകലമനുഷ്യർക്കും ശിക്ഷാവിധി വന്നതുപോലെ ഏകനീതിയാൽ സകലമനുഷ്യർക്കും ജീവകാരണമായ നീതീകരണവും വന്നു. ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും(വാക്യം 19).

ആദാം ദൈവത്തിന്റെ മകനായിരുന്നു. എന്നാൽ അവൻ പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെടുത്തി സാത്താന്റെ മകനായി തീർന്നതിനുശേഷമാണ് അവന് സന്താനങ്ങൾ ഉണ്ടായത്. ആകയാൽ ആദാമ്യവംശജർ സകലരും ആദാമിനെപ്പോലെ ഉള്ള മനുഷ്യസന്താനങ്ങൾ ആണ്. ദൈവത്തിന്റെ മനുഷ്യനല്ല എന്നു സ്പഷ്ടം. അങ്ങനെയെങ്കിൽ 2 തിമൊ.3:16 -ൽ പറയുന്ന ദൈവത്തിന്റെ മനുഷ്യൻ ആര്? ആദാമ്യവംശത്തിൽ പിറന്ന മനുഷ്യന് എങ്ങനെ ദൈവത്തിന്റെ മനുഷ്യനാകുവാൻ കഴിയും ? അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ; ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?(റോമ.7:24).

ജഡത്താൽ ജനിച്ചത് ജഡമാകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു(യോഹ.3:6). എങ്ങനെയാണ് ആത്മാവിൽ ജനിക്കുന്നത്? യോഹ.3:5-ൽ പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിക്കുക. 1 പത്രോ.1:23- കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു. കുറെക്കൂടി വ്യക്തമാക്കിയാൽ ജഡത്തിൽ ജനിക്കുന്നതിന് ഒരു പിതാവും മാതാവും ആവശ്യമായിരിക്കുന്നു എന്നു നമുക്ക് അറിയാവുന്നതാണ്. അങ്ങനെ ജനിക്കുന്നത് കെടുന്ന ബീജത്താലാണ്. ആത്മീകജനനത്തിനും ഒരു പിതാവും മാതാവും അഥവാ ഗർഭപാത്രവും ആവശ്യമാണ്. ആത്മീകജനനത്തിൽ പിതൃത്വം അഥവാ പിതാവ് പരിശുദ്ധാത്മാവാണ്. മാതാവ് അഥവാ ഗർഭപാത്രം മനുഷ്യന്റെ ഹൃദയമാണ്. അപ്പോൾ പരിശുദ്ധാത്മാവാകുന്ന പിതാവ് ദൈവവചനമാകുന്ന കെടാത്തതും ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനമാകുന്ന വിത്തിനെ നടുന്നു. അങ്ങനെ ദൈവവചനത്താൽ വീണ്ടുംജനനം പ്രാപിക്കുന്നവനാണ് സാക്ഷാൽ ദൈവത്തിന്റെ മനുഷ്യൻ. യോഹ.3:16-ൽ തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. കാണ്മിൻ, നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ഒന്നാം മനുഷ്യനായ ആദാം ദൈവശ്വാസത്താൽ ജീവനുള്ള ദേഹിയായി തീർന്നു. എന്നാൽ ദൈവത്തിന്റെ ജീവശ്വാസത്താൽ ഒടുക്കത്തെ ആദാം(യേശുക്രിസ്തു) ജീവിപ്പിക്കുന്ന ആത്മാവായി. 1 കൊരി.15:47 -ൽ ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്ണുകൊണ്ടുള്ളവൻ; രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽനിന്നുള്ളവൻ.

ചുരുക്കിപറഞ്ഞാൽ വേദപുസ്തകം(ദൈവവചനം) ആദാമ്യസാദൃശ്യപ്രകാരം ജനിച്ച മനുഷ്യനെ ദൈവസാദൃശ്യത്തിൽ ആക്കുന്നതിനും അങ്ങനെ ദൈവസാദൃശ്യം കൈവരിച്ച മനുഷ്യനെ അവന് നഷ്ടപ്പെട്ട പൂർണ്ണതയിലേക്ക് അവനെ മടക്കി കൊണ്ടുവരുന്നതിനു വേണ്ട നിർദ്ദേശങ്ങൾ അടങ്ങയിരിക്കുന്ന ചെറുപുസ്തകമാണ് വേദപുസ്തകം. ഇത് ദൈവപൈതലിന്റെ ആഹാരമാണ്. മനുഷ്യശരീരത്തിന് ആഹാര പദാർത്ഥങ്ങൾ എത്രത്തോളം അത്യന്താപേക്ഷിതമോ അതിൽ ഉപരി നമുക്ക് അത്യന്താപേക്ഷിതമാണ് ഈ തിരുവചനം. ആകയാൽ നാം എന്തു ചെയ്യണം ?

ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാനുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ. ഈ ദൈവവചന അഭ്യസനം നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്ക് ഉതകട്ടെ എന്നു പ്രാർത്ഥിക്കുന്നു!

MIDDLE EAST PENTECOSTAL CHURCH

**MEPC**

**COMMON WORSHIP MEETING**

25-3-2018

AM Hall, St. Christopher's Cathedral, Bahrain













കാര്യ വിചാരം

# അക്കരെപ്പച്ച



സണ്ണി തോമസ്
പുതുപ്പള്ളി

ചെറുപ്പകാലങ്ങളിൽ വല്ലപ്പോഴും വീട്ടിൽ വരുന്ന അതിഥികൾക്കായി അമ്മ പത്തായത്തിലും നിലവറയിലും മറ്റും കരുതിവെച്ചിരുന്ന കൊഴലപ്പവും അവലോസുണ്ടയും ആരും കാണാതെ അടിച്ചുമാറ്റി അകത്താക്കിയപ്പോഴത്തെ രുചി ഒന്നു വേറെതന്നെ ആയിരുന്നു. അമ്മ സന്തോഷപൂർവ്വം 'മോനേ ഇന്നാടാ' എന്നു പറഞ്ഞു തന്നപ്പോൾ ഉണ്ടായിരുന്നതിലും കൂടുതൽ രുചി കട്ടു തിന്ന നെയ്യപ്പത്തിനുണ്ടായിരുന്നു. മിക്കവാറും രക്ഷപ്പെട്ടുപോയി എങ്കിലും ചിലപ്പോഴൊക്കെ അമ്മയുടെ ചെറിയ പ്രഹരത്തിലും കലാശിച്ചിട്ടുണ്ട്.

'മോഷ്ടിച്ച വെള്ളം മധുരവും ഒളിച്ചു തിന്നുന്ന അപ്പം രുചികരവും ആകുന്നു'. "stolen waters(pleasures) are sweet(because they are forbidden); And bread eaten in secret is pleasant - Pro.9:17. മോഷ്ടിക്കപ്പെടുമ്പോൾ വെള്ളത്തിന്നു യഥാർത്ഥത്തിൽ മധുരം വർദ്ധിക്കുന്നുണ്ടോ ? ഒളിച്ചു തിന്നുമ്പോൾ അപ്പത്തിനു രുചി കൂടുന്നുണ്ടോ ? മധുരവും രുചിയും വർദ്ധിക്കണമെങ്കിൽ അതിനുള്ള ചേരുവകൾ ചേർത്താലല്ലേ പറ്റൂ. പിന്നെയെന്താണീ മാജിക്ക് ?

വിലക്കപ്പെട്ടത് വലയിലാക്കാനുള്ള ഒരുതരം ആവേശം സാധാരണ എല്ലാ മനുഷ്യരിലുമുണ്ട്. പ്രത്യേകിച്ചു ചെറുപ്രായത്തിൽ. കുറെയധികം ടോയിസ് കൊടുത്തിട്ടു ഒരെണ്ണം മാറ്റി വെച്ചു നോക്കൂ, കിട്ടിയതെല്ലാം വിട്ടേച്ചു മാറ്റി വെച്ചതിനായി കുഞ്ഞു കരയുവാൻ തുടങ്ങും. തോട്ടത്തിലെ സകലവൃക്ഷങ്ങളുടേയും ഫലം തിന്നു മടുത്തിട്ടാണോ ഹവ്വ തോട്ടത്തിന്റെ നടുവിലെ വൃക്ഷത്തിലേക്കു കൈ നീട്ടിയതു?

'അക്കരെപ്പച്ച' ഒരു വല്ലാത്ത പ്രതിഭാസം തന്നെ. "The grass is always greener on the other side of the fence". മനുഷ്യനു ലഭിച്ച കാര്യങ്ങളിലുള്ള അതൃപ്തിയും മടുപ്പും ലഭിക്കാത്തതിന്മേലുള്ള വല്ലാത്ത മതിപ്പും മോഹവും ആണിതു. ഇപ്പുറത്ത് നിന്നു നോക്കുമ്പോൾ അക്കരെ നല്ല പച്ചപ്പു കാണാം. എന്നാൽ അക്കരെ ചെല്ലുമ്പോൾ സ്ഥിതി ഇക്കരത്തേതിലും പരിതാപകരം. അപ്പോഴേക്കും കടവു കടന്നിരിക്കും.

തലപൊക്കി നോക്കിയപ്പോൾ ലോത്തു അക്ഷരാർത്ഥത്തിൽ അക്കരെ പച്ച കണ്ടു. ഹവ്വയും ദാവീദും ശലോമോനും ഒക്കെ കണ്ടതും ഒരുതരം 'അക്കരെപ്പച്ച' ആയിരുന്നു. ഹവ്വ എല്ലാം തിരിച്ചറിഞ്ഞും ശിക്ഷ ഏറ്റു വാങ്ങിയതും പെട്ടന്നായിരുന്നു. ദാവീദ് മാനസാന്തരപ്പെട്ടു:'ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ കഴുകേണമേ. നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ'. സ്വന്ത അനുഭവത്തിൽ നിന്നുമായിരിക്കാം ശലോമോൻ മകനെ ഉപദേശിച്ചു; അക്കരെ നിന്നും മോഷ്ടിച്ച വെള്ളമല്ല നിന്റെ സ്വന്ത ജലാശയത്തിലെ തണ്ണീരും സ്വന്ത കിണറ്റിൽ നിന്നു ഒഴുകുന്ന വെള്ളവും കുടിക്കണം. അതു മാത്രം പോരാ, നിന്റെ ഉറവുകൾ വെളിയിലേക്കും നിന്റെ നീരൊഴുക്കുകൾ വീഥിയിലേക്കും ഒഴുകിപ്പോകാതെ സൂക്ഷിക്കണം. അവ നിനക്കും അയൽവക്കക്കാർക്കും കൂടെയല്ല നിനക്കു മാത്രമേ ഇരിക്കാവൂ.




അമ്നോൻ വിളമ്പുന്ന അപ്പത്തേക്കാൾ മോഷ്ടിച്ച അപ്പം അധികം ഇഷ്ടപ്പെട്ടു. താമാർ അവന്റെ അടുക്കൽ ചെന്നപ്പോൾ അവൻ അവളെ പിടിച്ചു സഹോദരീ, വന്നു എന്നോടുകൂടെ കിടക്ക. എന്റെ സഹോദരാ, അരുതേ; എന്നെ അപമാനിക്കരുതേ; നീ രാജാവിനോടു പറക അവൻ എന്നെ നിനക്കു തരാതിരിക്കയില്ല. എന്നാൽ അവൻ അവളുടെ വാക്കു കേട്ടില്ല. ശേഷം അമ്നോൻ അവളെ അത്യന്ത്യം വെറുത്തു; അവൻ അവളെ സ്നേഹിച്ച സ്നേഹത്തേക്കാൾ അവളെ വെറുത്ത വെറുപ്പു വലുതായിരുന്നു. പരിണിതഫലം എന്തായിരുന്നു. വായിക്കുക 2 ശമൂവേൽ 13. വ്യഭിചാരം ചെയ്യുന്ന ബുദ്ധിഹീനനു പ്രഹരവും മാഞ്ഞുപോകാത്ത നിന്ദയും അപമാനവും സമ്മാനം. വ്യാജത്താൽ നേടിയ ആഹാരം മനുഷ്യന്നു മധുരം; പിന്നത്തേതിലോ അവന്റെ വായിൽ ചരൽ നിറയും. Bread gained by deceit is sweet to a man, but afterward his mouth will be full of gravel - Pro. 20:17. അമ്നോൻ മോഷ്ടിച്ച ആഹാരത്തിൽ എത്ര പെട്ടന്നാണ് ചരൽ വീണതു. നൈമഷീകമായ അതിമധുരം പെട്ടന്നവസാനിച്ചു പിന്നെ വായിൽ ചരലോടു ചരൽ. വിളമ്പിയ ചോറിൽ ചെറിയ കല്ലുകടിച്ചാൽ ഭൂകമ്പം സൃഷ്ടിക്കുന്നവർ പക്ഷേ ചരൽ, പൂച്ച കണ്ണടച്ചു ഇരുട്ടാക്കി പാലുകുടിക്കുന്നതുപോലെ ഒരു കണ്ണും എന്നെ കാണുന്നില്ല എന്നു സ്വയം ആശ്വസിച്ചു മെല്ലെ ചവച്ചിറക്കുന്നു.

ഭക്ഷണത്തിന്റെ രുചിയും മധുരവും എരിയും പുളിയും ഒക്കെ ചേരുവകൾ തീരുമാനിക്കുന്നു. അതിനപ്പുറം തിന്നുന്നവന്റെ സാഹചര്യവും ശാരീരിക മാനസിക ആരോഗ്യ വ്യതിയാനങ്ങളും ഭക്ഷണത്തോടുള്ള ആഗ്രഹവും രുചിയും ആനുപാതികമായി വർദ്ധിപ്പിക്കുകയും ഇല്ലാതാക്കുകയും ചെയ്യുന്നു. ഇയ്യോബ്:'ഭക്ഷണത്തിന്നു മുമ്പെ എനിക്കു നെടുവീർപ്പു വരുന്നു; എന്റെ ഞരക്കം വെള്ളംപോലെ ഒഴുകുന്നു. തൊടുവാൻ എനിക്കു വെറുപ്പു തോന്നുന്നതു എനിക്കു അറെപ്പുള്ള ഭക്ഷണമായിരിക്കുന്നു'. മരണവാതിലുകളോടു സമീപിച്ചവൻ ഭക്ഷണം കഴിപ്പാൻ മറന്നുപോകുന്നു; അവർക്കു സകലവിധ ഭക്ഷണത്തോടും വെറുപ്പു തോന്നുന്നു. ഹന്നാ വ്യസനത്താൽ കരഞ്ഞു പട്ടിണി കിടന്നു. ശൗൽ ശമൂവേലിന്റെ വാക്കുകൾ നിമിത്തം ഭയപ്പെട്ടു ഒന്നും ഭക്ഷിച്ചില്ല. രക്ഷപ്പെടും എന്നുള്ള ആശ അറ്റുപോയ പൗലോസും കൂട്ടരും ദിവസങ്ങൾ കപ്പലിൽ പട്ടിണി കിടന്നു. വിശപ്പുള്ളവനോ കൈപ്പുള്ളതൊക്കേയും മധുരം. തിന്നു തൃപ്തനായവൻ തേൻകട്ടയും ചവിട്ടികളയുന്നു.

അപ്പോൾ പിന്നെ ഈ ഏറിയ മധുരവും രുചിയും യാഥാർത്ഥ്യമാണോ? അപ്രതീക്ഷിതമായി ലഭിച്ച നേട്ടത്തിലൂടെ ഉണ്ടായ ഒരുതരം താൽക്കാലിക മാനസീക വിഭ്രാന്തിയാണ് എന്നു പറയുന്നതാവും ശരി. മോഷ്ടിച്ചു വെള്ളമാകട്ടെ, അപ്പമാകട്ടെ, മറ്റെന്തുമാകട്ടെ, അദ്ധ്വാനമില്ലാതെ, ചെലവില്ലാതെ, അനർഹമായത്, അപ്രതീക്ഷിതമായി, അതും സ്വകാര്യമായി ലഭിക്കുമ്പോൾ ഉണ്ടാകുന്ന വല്ലാത്ത രസം വെറും തോന്നൽ, മിഥ്യ (illusion) ആണു. അതു പെട്ടെന്നു കെട്ടടങ്ങുകയും പിന്നത്തേതിൽ ഏറിയ കയ്പ്പിനും നീണ്ട പ്രത്യാഘാതങ്ങൾക്കും കാരണമാകുന്നു എന്നും അതിവേഗത്തിൽ അനുഭവത്തിലൂടെ തിരിച്ചറിയുന്നു. മെലിഞ്ഞ പശുക്കൾ മാംസപുഷ്ടിയുള്ള പശുക്കളെ തിന്നുകളഞ്ഞതുപോലെ, കയ്പു മധുരത്തെ അപ്പാടെ വിഴുങ്ങിക്കളയുന്നു. ദുഷ്ടന്റെ ദുഷ്ടത അവന്റെ വായിൽ മധുരിച്ചാലും അവൻ അതു നാവിൻ കീഴെ മറെച്ചുവെച്ചാലും, അതിനെ വിടാതെ പിടിച്ചു വായ്ക്കകത്തു സൂക്ഷിച്ചുവെച്ചാലും, അവന്റെ ആഹാരം അവന്റെ കുടലിൽ പരിണമിച്ചു അവന്റെ ഉള്ളിൽ സർപ്പവിഷമായിത്തീരും – ഇയ്യോ.20:12. മിന്നുന്നതെല്ലാം






## സങ്കീർത്തന വിചിന്തനം

# ഗീമെൽ

**സങ്കീർത്തനം 119: 17–24**



നൈനാൻ മാത്യു

ദൈവവചന പ്രകാശത്തിനായി അഗമ്യമായി ആഗ്രഹിക്കുന്ന സങ്കീർത്തനക്കാരന്റെ 4–ാമത്തെ പ്രാർത്ഥനാവാചകങ്ങൾ ആണ് 'ഗീമേൽ' എന്ന എബ്രായ അക്ഷരത്തിനു കീഴെയായി ചിട്ടപ്പെടുത്തിയിരിക്കുന്ന 8 വാക്യങ്ങളിലെ പ്രധാന സന്ദേശം.

*1. ജീവിച്ചിരുന്നു തിരുവചനം പ്രമാണിക്കേണ്ടതിനു അടിയനു നന്മ ചെയ്യേണമെ (17)*
*2. ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു കണ്ണുകളെ തുറക്കേണമെ (18)*
*3. നിന്റെ കൽപ്പനകളെ എനിക്കു മറച്ചു വെക്കരുതേ (19)*
*4. നിന്ദയും അപമാനവും എന്നോടു അകറ്റേണമെ (22)*

നന്മ വരുന്നതിനും, ജീവിച്ചിരിക്കേണ്ടതിനും സാധാരണ മനുഷ്യരെല്ലാവരും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കാര്യങ്ങൾ ആണെങ്കിലും ഇവിടെ ജീവിച്ചിരിക്കുകയെന്ന ഒരേയൊരു കാര്യത്തിനുവേണ്ടിയല്ല മറിച്ച് ജീവിച്ചിരുന്നു നിന്റെ വചനം പ്രമാണിക്കേണ്ടതിനു അടിയനു നന്മ ചെയ്യേണമെ. അതായത് വചനം അറിയുകയെന്ന ബുദ്ധിപരമായ വളർച്ചയ്ക്ക് അപ്പുറമായി വചനം പ്രമാണിക്കുകയെന്ന ആത്മീക വളർച്ചയ്ക്കായി സങ്കീർത്തനക്കാരൻ ദൈവത്തോട് ഒരു ജീവിതം ചോദിക്കുന്നു. ആയുസുള്ള കാലത്തോളം നിന്റെ വചനം അനുസരിക്കാത്ത, പ്രമാണിക്കാത്ത ഒരു ദിനവും എന്റെ ജീവിതത്തിൽ ഉണ്ടാകരുതേ എന്ന ഹൃദയങ്കമായ പ്രാർത്ഥന.

താഴോട്ടുള്ള ഓരോ വാക്യങ്ങളിലും ദൈവവചനത്തിനുവേണ്ടിയുള്ള തന്റെ അഭിവാഞ്ച വർദ്ധിച്ചു വർദ്ധിച്ചു വരുന്നതായി കാണുവാൻ കഴിയുന്നു. ദൈവമേ എന്റെ കണ്ണുകളെ തുറക്കേണമേ! അക്ഷരീകമായ എന്റെ കണ്ണുകൾകൊണ്ട് കാണുവാൻ കഴിയാത്ത നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു എന്റെ അകകണ്ണുകളെ അഥവ ഹൃദയകണ്ണുകളെ തുറക്കേണമെ. ദൈവീക ന്യായപ്രമാണം 'നിധി' മറച്ചുവെച്ചിരിക്കുന്ന വയൽപോലെയാണ്. ദൈവം കണ്ണു തുറന്നാൽ മാത്രമെ അതിലെ അത്ഭുതങ്ങൾ ദർശിക്കുവാൻ സാധിക്കൂ. അടിസ്ഥാനവേദ ഉപദേശങ്ങൾ ഏതെങ്കിലും പുസ്തകം വായിച്ചാൽ മനസിലാക്കുവാൻ സാധിച്ചേക്കും. പക്ഷെ ദൈവവചനത്തിന്റെ പ്രകാശനം ആവശ്യബോധം ഉള്ളവനു, അനുസരിക്കുവാൻ തയ്യാറുള്ളവന് ദൈവം പ്രകാശിപ്പിച്ച് കൊടുക്കും. 18–ാം വാക്യം ദൈവം തുറന്നാൽ മാത്രം ദൃശ്യമാകുന്ന അത്ഭുതങ്ങൾ ആണെങ്കിൽ 19–ാം വാക്യം ദൈവം മറച്ചുവയ്ക്കാതിരുന്നാൽ മാത്രം വെളിപ്പെട്ടുവരുന്ന ദൈവീക കൽപ്പനകളെക്കുറിച്ചാണ് പറയുന്നത്. കേവലം ദൈവവചന പാരായണത്തിലൂടെ മാത്രം ലഭ്യമായി തീരുന്നതല്ല ദൈവത്തിന്റെ കൽപ്പനകൾ മറിച്ച് ദൈവം തന്നെ മറനീക്കി വെളിപ്പെടുത്തി തരേണ്ടതായിട്ടുണ്ട്. ഇവിടെ ഞാൻ പരദേശിയാണ് ദൈവമേ നിന്റെ ചട്ടങ്ങൾ എനിക്ക് മറച്ച് വെക്കരുതെ! സ്വദേശിയെക്കാൾ ഏറെ പരദേശിക്ക് നിയമത്തിന്റെ പരിരക്ഷ അനിവാര്യമാണ്.

ഭൂമിയിൽ അന്യരും പരദേശികളും എന്ന് ഏറ്റുപറഞ്ഞ് വിശ്വാസത്തിൽ മരിച്ച വിശ്വാസവീരന്മാരുടെ വിജയകരമായ ജീവിതത്തിനു പിന്നിലെ രഹസ്യം ദൈവീക കൽപ്പനകൾക്ക് അനുസൃതമായി ചുവടുകളെ വെച്ചു എന്നതു മാത്രമാണ്(എബ്രാ.11:9, 10–13). ഈ കൽപ്പനകൾ അറിയുക എന്നതും അനുസരിക്കുക എന്നതും നാം അനിവാര്യമായും അനുവർത്തിക്കേണ്ട കാര്യമാണ്. അതിനായുള്ള നിത്യവാഞ്ചകൊണ്ട് (20) സങ്കീർത്തനക്കാരന്റെ മനസ് തകർന്നിരിക്കുന്നു(നിത്യവാഞ്ച = എപ്പോഴുമുള്ള വാഞ്ച). ഭൗതീകജീവിതത്തിലെ ഏതെങ്കിലും കാര്യനേട്ടത്തിനുവേണ്ടിയല്ല മറിച്ച് ദൈവീക വിധികൾക്കായുള്ള നിത്യവാഞ്ചമൂലം ദൈവീകന്യായപ്രമാണത്തോടു പ്രണയബന്ധിതനായിരിക്കുന്ന തന്റെ ഹൃദയം തകരുന്നു. മാത്രമല്ല ദൈവീകകൽപ്പനകളെ വിട്ട് നടക്കുന്നവരെ ഉൾകൊള്ളുവാൻ കഴിയാത്ത സങ്കീർത്തനക്കാരന്റെ ഉറച്ച തീരുമാനവും പ്രതിഷ്ഠയുമാണ് നിന്ദയും, അപമാനവും എന്നോടു അകറ്റേണമെ എന്നു പ്രാർത്ഥിക്കുമ്പോൾ അത് തന്റെ വർത്തമാനകാല അനുഭവം ആയിരിക്കാം. അല്ലെങ്കിൽ ഭാവിയെ നോക്കിയുള്ള പ്രാർത്ഥനയായിരിക്കാം. എന്തുതന്നെ ആയാലും തന്റെ തീരുമാനം 'ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രമാണിക്കുന്നു'.

ക്രിസ്തീയജീവിത ശോധനയുടെ നാളുകളിൽ പിന്മാറി പോകുവാൻ താൻ ഒരുക്കമല്ല(23). പ്രഭുക്കന്മാർ ഇരുന്ന് തനിക്ക് വിരോധമായി കൂടിയാലോചന നടത്തുന്നു. എങ്കിലും അടിയൻ നിന്റെ ചട്ടങ്ങളെ ധ്യാനിക്കുന്നു. ദൈവവചനാനുസൃതമായ ഒരു ജീവിതത്തിനുവേണ്ടി ദൈവീക ന്യായപ്രമാണം അന്വേഷിക്കുന്ന, അനുസരിക്കുന്ന ദൈവമക്കൾക്ക് അനുഭവിക്കേണ്ടി വരുന്ന പ്രതിസന്ധികൾ നിരവധി ആയിരിക്കും. പക്ഷേ സങ്കീർത്തനക്കാരന്റെ തീരുമാനം ഉറച്ചതാണ്, ഉന്നതമാണ്. എന്ത് വന്നാലും നിന്ദയായാലും, അപമാനമായാലും, പ്രഭുക്കന്മാർ വിരോധമായാലും 'ഞാൻ നിന്റെ സാക്ഷ്യങ്ങളെ പ്രമാണിക്കും, നിന്റെ ചട്ടങ്ങളെ ധ്യാനിക്കും'. ഒടുവിലായി(24) 'നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദം, എന്റെ ആലോചനക്കാർ'. ദൈവവചനത്തോടുള്ള തന്റെ പ്രമോദം നിമിത്തം, പ്രണയം മൂലം നിന്റെ സാക്ഷ്യങ്ങൾ എന്റെ ആലോചന എന്നല്ല മറിച്ച് ആലോചനക്കാർ, അതായത് യഹോവയുടെ സാക്ഷ്യങ്ങൾക്ക് തന്റെ വഴികളെ ക്രമീകരിക്കുന്ന, ശാസിക്കുന്ന, ശിക്ഷിക്കുന്ന, ബലപ്പെടുത്തുന്ന യോഹന്നാൻ അപ്പൊസ്തൊലൻ തൊട്ടറിഞ്ഞതുപോലെ ഒരു വ്യക്തഗത സ്വഭാവം വന്നിരിക്കുന്നു ( 1 യോഹ.1:1–2, യോഹ.1:1–3). നിന്റെ സാക്ഷ്യങ്ങൾ എന്റെ പ്രമോദവും എന്റെ ആലോചനക്കാരും ആകുന്നു എന്നു പറഞ്ഞ് പ്രണയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി പോകുകയാണ് സങ്കീർത്തനക്കാരൻ.




എരിയുന്ന തിരിനാളമായി
എന്നും ഞാൻ ശോഭിച്ചീടാൻ
നിറക്കണേ അഭിഷേകത്തിൻ
സ്വർഗ്ഗീയ എണ്ണയാൽ എന്നെ...(2)

തളരേണ്ട മകനേ ഞാൻ നിന്റെകൂടെ
ആശ്വാസം ഏകും എൻസത്യവചനം
ഭാരം പ്രയാസം ഏറിടുംനേരം
എന്നെ കരുതുവാൻ എൻ നാഥനുണ്ട്...(2)
............എരിയുന്ന

പുതുശക്തിയോടെന്നും ഓടിടുവാൻ
ആത്മാവിൻ ബലം എന്നിൽ നൽകിടണേ
പാടിടും ഞാൻ എന്നും ഇമ്പ ഗാനം
എൻ പ്രാണപ്രിയനായി ഇമ്പഗാനം...(2)
.................എരിയുന്ന

ആനന്ദം ആനന്ദം നിത്യാനന്ദം
എൻ പ്രിയൻ ചാരെ ഞാൻ എത്തിയതാൽ
ഒരുങ്ങിടാം പ്രയരെ ആ നാളിനായി
കണ്ടിടാം സ്വർഗ്ഗീയ വീടതിൽ അന്ന്...(2)
................എരിയുന്നേ



വർഗീസ് ഡാനിയൽ

HH Rhythm

## " We are all one in Christ"

# SPIRITUAL AWAKENING 2018











ബഹറിനിലുള്ള ആത്മീയരായ ചില സഹോദരന്മാർ ഒത്തുചേർന്ന് ബ്രദർ ജോമോൻ കുരുവിളയുടെ നേതൃത്വത്തിൽ മാർച്ച് 20,21,22 നടത്തിയ 'സ്പിരിച്ച്വൽ എവേക്കിനിംഗ് 2018' എന്ന സുവിശേഷയോഗം സൽമാബാദ് ഗൾഫ് എയർ ക്ലബിൽ വച്ച് അനുഗ്രഹമായി നടന്നു. അനേകർ തങ്ങളെത്തന്നെയും ധാരാളം മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെയും സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. വിവിധ സഭകളിലുള്ള ദൈവദാസന്മാരും വിശ്വാസികളും പങ്കെടുത്തു.





# "ആശ്ചര്യമേ ഇതു ആരാൽ വർണ്ണിച്ചിടാം"

*(ഒന്നാം പേജിൽ നിന്ന് തുടർച്ച)*
